ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്മൂന്നാം നില ,
പബ്ളിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം 33 -

Phone : 0471 - 2324951
0471 - 2325071
Tele FAX : 0471 - 2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

**നം. എ2-4221/2016/സിഇ/തസ്വഭവ** **തീയതി . 09/12/2019**

# നോട്ടീസ്

വിഷയം : തസ്വഭവ - സാങ്കേതിക വിഭാഗം - ജീവനക്കാര്യം - എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിലെ ജീവനക്കാരുടെ അന്തിമ മുൻഗണനാപ്പട്ടിക ക്രമീകരിക്കുന്നത് - സംബന്ധിച്ച്

സൂചന :
1) ഈ കാര്യാലയത്തിലെ 25.11.2013-ലെ ഇ22(മിനിസ്റ്റീരിയൽ)/10002/ ജി.എൽ/13/സിഇ/തസ്വഭവ നമ്പർ അന്തിമ മുൻഗണനാപ്പട്ടിക
2) ഈ കാര്യാലയത്തിലെ 29.10.2019 തീയതിയിലെ ഇതേ നമ്പർ യു.ഡി ടൈപ്പിസ്റ്റുമാരുടെ താൽക്കാലിക മുൻഗണനാപ്പട്ടിക
3) ഈ കാര്യാലയത്തിലെ 25.11.2019 തീയതിയിലെ ഇതേ നമ്പർ യു.ഡി ടൈപ്പിസ്റ്റുമാരുടെ അന്തിമ മുൻഗണനാപ്പട്ടിക
4) ഈ കാര്യാലയത്തിൽ ലഭ്യമായ ശ്രീ. വിനോദ്. പി.വി, സീനിയർ ക്ലർക്ക്-ന്റെ 04.11.2019 തീയതിയിലെ അപേക്ഷ

ഈ വകുപ്പിൽ എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ ആഗിരണം ചെയ്യപ്പെട്ട ജീവനക്കാരുടെ അന്തിമ മുൻഗണനാപ്പട്ടിക സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത മുൻഗണനാപ്പട്ടികയിൽ ശ്രീ. വിനോദ് പി.വി-യെ റാങ്ക് നം. 11 ആയി ഉൾപ്പെടുത്തിയിരുന്നു. എന്നാൽ സൂചന (4) പ്രകാരം ടിയാന്റെ സീനിയോരിറ്റി റാങ്ക് നം. 10 ശ്രീ. തോമസ്. എം.ടി-യ്ക്ക് മുകളിൽ മുൻഗണനാപ്പട്ടികയിൽ ഉൾക്കൊള്ളിക്കുന്നതിലേയ്ക്കായി ഈ കാര്യാലയത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ആയതുമായി ബന്ധപ്പെട്ട് ടിയാന്റെ അപേക്ഷയോടൊപ്പം അനുബന്ധമായി ഉൾപ്പെടുത്തിയ നിയമന ശുപാർശയിൽ ടിയാന്റെ സ്ഥാനം ശ്രീ. തോമസ്. എം.ടി-യ്ക്ക് മുകളിലായാണ്. ആയത് പരിഹരിച്ച് ടിയാന് അർഹതപ്പെട്ട മുൻഗണന നൽകുന്നതിന് എന്തെങ്കിലും ആക്ഷേപങ്ങളോ പരാതികളോ ഉള്ളവർ ഈ നോട്ടീസ് പ്രസിദ്ധീകരണ തീയതി മുതൽ 7 **ദിവസത്തിനകം** രേഖാമൂലം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്. നിശ്ചിത സമയപരിധി കഴിഞ്ഞും പരാതികൾ ലഭ്യമാകാത്തപക്ഷം മേൽ പ്രസ്താവിക്കപ്പെട്ട മാറ്റം ഉൾക്കൊള്ളിച്ചുകൊണ്ട് എൽ.ഡി ടൈപ്പിസ്റ്റുമാരുടെ അന്തിമ മുൻഗണനാപ്പട്ടിക ക്രമീകരിച്ച് ഉത്തരവാകുന്നതാണ്.

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

അംഗീകാരത്തോടെ

**അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്**

പകർപ്പ് :
1) എല്ലാ നിയന്ത്രണാധികാരികൾക്കും - ഔദ്യോഗിക വെബ് സൈറ്റ് മുഖേന (താങ്കൾ താങ്കളുടെ കീഴിലുള്ള ജീവനക്കാരെ അറിയിക്കേണ്ടതാണ്)
2) കരുതൽ ഫയൽ

P 1298